**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3718** **02-03-2023 - ൽ മറുപടിയ്ക്ക്**

**മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം അറിയിക്കാമോ; | (എ) | **മൃഗാശുപത്രികളുടെ വികസനവും, പുന:സംഘടനയും എന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 80 ലക്ഷം രൂപയും, വെറ്ററിനറി പോളീക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 269 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങൾക്കുള്ള ചെലവുകൾ ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു.** |
| (ബി) | മൃഗാശുപത്രികൾ സ്മാർട്ടാക്കുന്ന പദ്ധതി നിലവിലുണ്ടോ; | (ബി) | **ഇല്ല.** |
| (സി) | ഇല്ലെങ്കിൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മൃഗാശുപത്രികൾ സ്മാർട്ടാക്കുന്ന പദ്ധതി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | മൃഗസംരക്ഷണ വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളിലും സ്മാർട്ട് ഗവേർണൻസ് നടപ്പാക്കുന്നതിനായി "ഇ-സമൃദ്ധ" എന്ന പേരിൽ ബൃഹത്തായ സോഫ്റ്റ്‌വെയർ സംവിധാനം കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടി തയ്യാറാക്കി വരികയാണ്. കർഷകർക്കും, ജീവനക്കാർക്കും ഉപയോഗിക്കാനായുള്ള മൊബൈൽ ആപ്ലിക്കേഷൻ സഹിതമുള്ള സംവിധാനങ്ങൾ ഇതിൽ ഒരുങ്ങുന്നുണ്ട്. ഇതോടുകൂടി മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒരു വിരൽത്തുമ്പിൽ കർഷകർക്ക് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ